## കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

ജി2-13814/2019

**സർക്കുലർ നമ്പർ- 23/2019-20 തീയതി- 18 .01.2020**

വിഷയം-കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും ഭവന വായ്പ കൈപ്പറ്റുന്ന തൊഴിലാളികൾക്ക് വീടിന്റെ നിർമ്മാണ പുരോഗതി തെളിയിക്കുന്നതിനാവശ്യമായ സ്റ്റേജ് സർട്ടിഫിക്കറ്റ് മാറ്റം വരുത്തുന്നത് സംബന്ധിച്ച്.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിൽ നിലവിൽ വിവിധ ഓഫീസുകളിൽ നിന്നും സമർപ്പിക്കുന്ന ഭവന നിർമ്മാണ പുരോഗതി സർട്ടിഫിക്കറ്റ് സാക്ഷ്യപത്രങ്ങളിൽ പൂർണ്ണമായും പൂരിപ്പിക്കാത്തതോ വ്യക്തമല്ലാത്തതോ ആയി കാണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് അപാകത പരിഹരിച്ച് തുക അനുവദിക്കുന്നതിന് കാലതാമസം വരുന്നതായി കാണുന്നു. ഇത് ഒഴിവാക്കുന്നതിനായി സ്റ്റേജ് സർട്ടിഫിക്കറ്റിൽ മാറ്റം വരുത്തി പരിഷ്കരിക്കേണ്ടത് അത്യാവശ്യമാണ് എന്നതിനാൽ സ്റ്റേജ് സർട്ടിഫിക്കറ്റിൽ കാലോചിതമായ മാറ്റം വരുത്തി ഇതോടൊപ്പം നൽകുന്നു.

ഭവന വായ്പയുടെ ഒന്ന്, രണ്ട് , മൂന്ന് ഗഡുക്കൾ കൈപ്പറ്റുന്ന തൊഴിലാളികളുടെ വീടിന്റെ നിർമ്മാണ പുരോഗതി അതാത് ഓഫീസിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ നേരിൽപ്പോയി കണ്ട് ബോധ്യപ്പെട്ട് സർട്ടിഫിക്കറ്റിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ കൃത്യമായും പൂരിപ്പിച്ച് അക്കൗണ്ട്സ് ഓഫീസറിൽ കുറയാത്ത ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം ബോർഡിലേയ്ക്ക് അയയ്ക്കേണ്ടതാണ്. 01.02.2020 തീയതി മുതൽ ടി പുതുക്കിയ സ്റ്റേജ് സർട്ടിഫിക്കറ്റ് മാത്രമേ പരിഗണിക്കുകയുള്ളൂ.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്

**സ്വീകർത്താവ്**

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും, പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും

//ഉത്തരവിൻ പ്രകാരം//

Jayaprakash
സൂപ്രണ്ട്